DESPATCHED
Cn..15/12/21..
06/11/21

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം 695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ CP.No.315(4)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.4250/SIC-Gen 2/2021
സന്നിഹിതൻ
ശ്രീ.കെ.റ്റി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സി.പി. രഘുവരൻ,
കുറശ്ശേരിൽ വീട്,
നെടുമ്പ്രക്കാട്,
ചേർത്തല - 688 524. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജോയിന്റ് രജിസ്ട്രാർ (ജനറൽ),
സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്,
പേച്ചി അങ്കാളമ്മൻ കോവിൽ കോംപ്ലക്സ്,
ഇരുമ്പ് പാലം പി.ഒ., ആലപ്പുഴ - 688 011. } എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 13.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.03.2021 |
| പരാതി ഹർജി കമ്മീഷനിൽ നൽകിയ തീയതി | 20.03.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 26.03.2021 |

## ഉത്തരവ്

പരാതി ഹർജിക്കാരൻ ടിയാനെ ചേർത്തല സർവീസ് സഹകരണ ബാങ്കിൽ നിന്ന് സസ്പെൻഡു ചെയ്തതുമായി ബന്ധപ്പെട്ട് ചേർത്തല അസിസ്റ്റന്റ് രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർക്ക് നൽകിയ റിപ്പോർട്ടിന്റേയും, ബാങ്കിന്റെ വിശദീകരണ കത്തിന്റേയും പകർപ്പ് ആവശ്യപ്പെട്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 05.11.2021ൽ ആലപ്പുഴ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ ഹിയറിങ്ങ് നടത്തി. ഇരു കക്ഷികളും ഹിയറിങ്ങിൽ പങ്കെടുത്തു.

3. മറുപടി നൽകിയില്ല എന്നതു ശരിയല്ലെന്നും അപേക്ഷ ക്രമ പ്രകാരമല്ലാത്ത തുകൊണ്ട് പരിഗണിക്കാൻ കഴിയില്ല എന്ന മറുപടി നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകിയതാണെന്നും എതിർകക്ഷി പറഞ്ഞു.

4. 10 രൂപയുടെ കോർട്ട് ഫീസ് സ്റ്റാമ്പ് ഒട്ടിക്കാതെയാണ് താൻ അപേക്ഷ സമർപ്പിച്ചതെന്ന് പരാതി ഹർജിക്കാരൻ പറഞ്ഞു.

സ്റ്റാമ്പ് പതിക്കാതെ നൽകിയ അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്ന എതിർകക്ഷിയുടെ മറുപടി നിയമപരമാണ്. അതുകൊണ്ട് തന്നെ ഇതിൽ മറ്റ് നടപടി കളൊന്നും സ്വീകരിക്കാൻ കഴിയില്ല.

5. എന്നാലും SPIO മറുപടി നൽകുമ്പോൾ, അപേക്ഷകന് കൃത്യമായി ബോധ്യം വരുന്ന തരത്തിൽ മറുപടി നൽകാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

6. മേൽ പറഞ്ഞ പ്രകാരം പരാതി ഹർജിയിന്മേൽ ഇന്നേ ദിവസം 06.11.2021ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

gk.